**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 26** **22-02-2022 - ൽ മറുപടിയ്ക്ക്**

**ആഗോള താപനവും സുസ്ഥിര വികസനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ വി ജോയി,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ആഗോളതാപനം കുറച്ചുകൊണ്ടുവരുന്നതിന് ജി-20 രാജ്യങ്ങളുടെ രാഷ്ട്രത്തലവൻമാർ പങ്കെടുത്ത ഗ്ലാസ്ഗോ ഉച്ചകോടിയിൽ ഇന്ത്യ മുന്നോട്ടുവെച്ച പഞ്ചാമൃത് പരിപാടിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് സംസ്ഥാനം നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (എ) | കേരളത്തിന്റെ കാർബൺ ബഹിർഗമനവുമായി ബന്ധപ്പെട്ട് നിലവിൽ നടത്തിയിട്ടുള്ള വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കാർബൺ ബഹിർഗമനത്തിന്റെ 90%-വും വരുന്നത് Energy and Transport സെക്ടറിൽ നിന്നുമാണ്. കൂടാതെ 4 മുതൽ 5 ശതമാനം വരെ waste സെക്ടറിൽ നിന്നും 3% Agriculture Forestry and Other Land Use ൽ നിന്നും, 1 ശതാമാനം വരെ Industries സെക്ടറിൽ നിന്നുമാണ്. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർബൺന്യൂട്രൽ ആക്കുന്നതിനുള്ള കർമ്മ പദ്ധതി രൂപീകരിക്കുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ് ചെയർമാനായി രൂപീകരിച്ചിട്ടുള്ള Working Group (G.O (Rt) No. 81/2021/Envt dated 10.11.2021), ബന്ധപ്പെട്ട വകുപ്പുകളോട് കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുതകുന്ന കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മാർഗരേഖയ്ക്ക് അനുസൃതമായി കാലാവസ്ഥാ വ്യതിയാന കർമ്മ പരിപ്രേക്ഷ്യത്തിന്റെ നവീകരണം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിൽ നിലവിൽ നടന്നു വരുന്നു. പ്രസ്തുത പരിപ്രേക്ഷ്യത്തിന്റെ ഭാഗമായും വിവിധ സെക്ടറുകളിൽ നിന്നുള്ള കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുതകുന്ന ലഘൂകരണ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്. |
| (ബി) | ആഗോള താപനം കുറയ്ക്കുന്നതിനായി 2030-ഓടെ രാജ്യത്തെ കാർബൺ ബഹിർഗ്ഗമനം ഒരു ബില്യൺ ടണ്ണായി കുറച്ചുകൊണ്ടുവരികയെന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാനത്ത് ഫോസിൽ ഇന്ധന വാഹനങ്ങളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തി മാസ് ട്രാൻസിറ്റ് സിസ്റ്റം | (ബി) | ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിന് ഇലക്ട്രിക്/CNG വാഹനങ്ങൾക്ക് പ്രോത്സാഹനം നൽകിവരുന്നുണ്ട്. കെ-റെയിൽ, മെട്രോ റെയിൽ, വാട്ടർ മെട്രോ, കാർബൺ ന്യൂട്രൽ പ്രോജക്ട് എന്നിവ ഇത്തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. മാസ് |

| | | | |
|---|---|---|---|
| | പ്രോത്സാഹിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | | ട്രാൻസിറ്റ് സിസ്റ്റം നടപ്പിലാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | സുസ്ഥിര വികസനം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പദ്ധതികൾ തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ നിക്ഷിപ്ത താൽപര്യക്കാരായ ചിലരുടെ പ്രവർത്തനങ്ങൾ പദ്ധതി നിർവ്വഹണത്തെ തടസ്സപ്പെടുത്തുന്നത് സംസ്ഥാന താൽപര്യങ്ങൾ ഹനിക്കുന്നതിനാൽ അത്തരം ശ്രമങ്ങൾ അതിജീവിക്കുന്നതിന് ജനകീയ പിന്തുണ ആർജ്ജിക്കുന്ന പ്രവർത്തനം ശക്തിപ്പെടുത്തുമോ? | (സി) | കേരളത്തിന്റെ ഭാവി വികസനം മുന്നിൽ കണ്ടുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ സർക്കാർ ഏറ്റെടുത്ത് നടപ്പാക്കുകയാണ്. യോജിച്ചുള്ള പ്രവർത്തനത്തിലൂടെ മാത്രമെ വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുകയുള്ളൂ. ഇത്തരം പദ്ധതികൾക്കെതിരെ അനാവശ്യ ആശങ്കകൾ ഉന്നയിച്ച് പ്രചാരണങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെയെല്ലാം ജനപിന്തുണയോടെ മറികടന്ന് നാടിന്റെ വികസന പദ്ധതികൾ സാക്ഷാത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ